കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം - ഗ്രാമപഞ്ചായത്തുകൾക്ക് വാങ്ങാവുന്ന കമ്പ്യൂട്ടറുകളുടെ എണ്ണം 5 ൽ നിന്നും 9 ആക്കി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ (സാധാ) നം.1972/2011/തസ്വഭവ. തിരുവനന്തപുരം, തീയതി. 22.08.2011

---

പരാമർശം : 1. സർക്കാർ സർക്കുലർ നം.16993/ഐബി.1/2010/തസ്വഭവ തീയതി 09.03.2010

2. പഞ്ചായത്ത് ഡയറക്ടറുടെ 07.06.2011 ലെ ജെ5 9154/11 നമ്പർ കത്ത്

3. പഞ്ചായത്ത് ഡയറക്ടറുടെ 28.07.2011 ലെ ജെ5 18815/11 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം (1) ലെ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 5 കമ്പ്യൂട്ടറുകൾ നിർബന്ധമായും ഉണ്ടായിരിക്കണമെന്നും 5 ൽ കൂടുതൽ കമ്പ്യൂട്ടറുകൾ ഉള്ള ഗ്രാമപഞ്ചായത്തുകൾക്ക് അവ തുടർന്നും ഉപയോഗിക്കാമെങ്കിലും പുതുതായി കമ്പ്യൂട്ടറുകൾ വാങ്ങാൻ പാടില്ലായെന്നും നിർദ്ദേശം നൽകിയിരുന്നു.

'സാംഖ്യ' എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് പരാമർശം (1) ലെ സർക്കുലറിൽ ഇളവ് വരുത്തി ഐ.കെ.എം. സ്പെസിഫിക്കേഷൻ പ്രകാരമുള്ള 5 ൽ കൂടുതൽ കമ്പ്യൂട്ടറുകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെടുത്തി DGS &D Rate Contract അടിസ്ഥാനത്തിൽ വാങ്ങുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകണമെന്ന് പരാമർശം (2), (3) കത്തുകളിലൂടെ പഞ്ചായത്തു ഡയറക്ടർ ശുപാർശ ചെയ്തു.

പഞ്ചായത്തു ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് ഐ.കെ.എം. സ്പെസിഫിക്കേഷൻ പ്രകാരമുള്ള 9 എണ്ണം വരെ കമ്പ്യൂട്ടറുകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെടുത്തി DGS &D Rate Contract അടിസ്ഥാനത്തിൽ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എം. ഷാഹുൽ ഹമീദ്
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എസ്.എഫ്/ഒ.സി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്